# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2895 | 22.02.2016-ൽ മറുപടിയ്ക്ക്

## ഗാന്ധിയൻ ദർശനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി |
| (എ) ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനും കുട്ടികൾക്കും യുവാക്കൾക്കും പകർന്നു നൽകുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ ;<br>(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇത്തരം പരിപാടികൾ സമൂഹത്തിൽ ഏതെല്ലാം വിധത്തിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | എ)<br>ബി)<br>&<br>സി) | ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ കീഴിൽ വൈക്കം നഗരസഭാ കെട്ടിട പരിസരത്ത് ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും ആയത് 2015 ആഗസ്റ്റ് 23-ാം തീയതി ബഹു. മുഖ്യമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. കൂടാതെ വൈക്കം നഗരസഭാഹാളിൽ ഇതുമായി ബന്ധപ്പെട്ട് ഒരു മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>വൈക്കം നഗരസഭയുമായി ചേർന്ന് കൊണ്ട് നോഡൽ ഏജൻസിയായ "കേരളം മ്യൂസിയം ഓഫ് ഹിസ്റ്ററി & ഹെറിറ്റേജ്" എന്ന സ്ഥാപനം മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്.<br>ഗാന്ധിയൻ ആദർശങ്ങളായ അഹിംസ, മതസഹിഷ്ണുത എന്നിവ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും, സ്വാതന്ത്ര്യത്തിന് വേണ്ടി നേതാക്കൾ ചെയ്ത ത്യാഗങ്ങൾ പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്നതിനുമായിട്ടാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ